# മത താരതമ്യ പഠനങ്ങളുടെ പ്രസക്തി

**എം. എം. അക്ബർ**

മത താരതമ്യ പഠനങ്ങളുടെ പ്രസക്തിയെന്താണ്? സർവ്വമത സത്യവാദത്തിലെത്തിച്ചേരുകയാണ് താരതമ്യ പഠനങ്ങളുടെ ധർമമെന്ന് പറയപ്പെടാറുണ്ട്. ആ വാദത്തിൽ കഴമ്പില്ല. ഓരേ ദൈവത്തിലെത്തിച്ചേരുവാനുള്ള വ്യത്യസ്ഥ മാർഗങ്ങളാണ് ഇന്നു നിലനിൽക്കുന്ന മതങ്ങളെല്ലാമെന്ന വാദത്തിന് യുക്തിയുടെയോ പ്രമാണങ്ങളുടെയോ പിൻബലമില്ല. ഏകദൈവാരാധനയിലൂടെ മാത്രമേ മോക്ഷം നേടാൻ കഴിയൂവെന്ന തത്വവും ബഹുദൈവാരാധനയിലൂടെയാണ് സാധാരണക്കാർ ദൈവ സാക്ഷാൽക്കാരം നേടേണ്ടത് എന്ന സിദ്ധാന്തവും ഒരേ നാണയത്തിന്റെ രണ്ട് പുറങ്ങളാവുന്നതെങ്ങനെയാണ്? മതഗ്രന്ഥങ്ങളധികവും അവ അവതരിപ്പിക്കപ്പെട്ട കാലത്ത് നിലനിന്നിരുന്ന ആദർശങ്ങളെ പ്രത്യക്ഷമോ പരോക്ഷമോആയി വിമർശിക്കുന്നുണ്ടെന്നതാണ് വാസ്തവം. ബുദ്ധിയും വേദവും എതിര് നിൽക്കുന്ന ഒരു സാങ്കൽപിക സിദ്ധാന്തമാണ് സർവ്വമത സത്യവാദം. മത താരതമ്യ പഠനത്തിലൂടെ ഈ മിഥ്യാ സങ്കൽപത്തിലെത്തിച്ചേരുകയാണ് വേണ്ടതെന്ന വാദം അടിസ്ഥാനരഹിതമാണ്.

'ദൈവത്തിലേക്കുള്ള വ്യത്യസ്ത മാർഗങ്ങൾ' എന്ന തത്വത്തോട് ഇസ്‌ലാം വിയോജിക്കുന്നു. ദൈവികമതം ഇസ്‌ലാം മാത്രമാണെന്നും (3:19) അതല്ലാത്തതൊന്നും മനുഷ്യരെ മോക്ഷത്തിലേക്ക് നയിക്കുകയില്ലെന്നും (3:85) ഖുർആൻ അർത്ഥശങ്കക്കിടയില്ലാത്ത വിധം വ്യക്തമാക്കുന്നുണ്ട്. ഇസ്‌ലാം മുഹമ്മദ് നബി (സ) സ്ഥാപിച്ചതാണെന്ന വിശ്വാസം ഇസ്‌ലാമികമല്ല. ലോകത്ത് വന്ന പ്രവാചകന്മാർ മുഴുവൻ പഠിപ്പിച്ച ജീവിത ദർശനത്തിന്റെ പേരാണ് ഇസ്‌ലാം. സ്രഷ്ടാവും സംരക്ഷകനുമായ ദൈവം തമ്പുരാന്റെ വിധിവിലക്കുകളനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തുന്നതിനെയാണ് ഇസ്‌ലാം എന്ന്പറയുക. ഇങ്ങനെ ചിട്ടപ്പെടുത്തിയവനാണ് മുസ്‌ലിം. മാതാപിതാക്കളുടെ പേരിന്റേയോ ജനിച്ച് വളർന്ന സമൂഹത്തിന്റേയോ അവസ്ഥ നോക്കിയല്ല ഒരാൾ മുസ്‌ലിമാകുന്നത്; അയാളുടെ വിശ്വാസത്തിന്റെയും കർമ്മങ്ങളുടെയും അടിസ്ഥാനത്തിലാണെന്ന വസ്തുതയും ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതാണ്. ദൈവിക മാർഗത്തിലേക്ക് ക്ഷണിക്കാനായി നിയോഗിക്കപ്പെട്ട പ്രവാചകന്മാർ മുഴുവൻ പഠിപ്പിച്ച സരണിയാണ് ഇസ്‌ലാം. ദൈവിക സമർപണത്തിന്റെ പാതയിലേക്കാണ് പ്രവാചകന്മാർ മുഴുവനും തങ്ങളുടെ സമൂഹത്തെ നയിച്ചത്. ഈ ദൈവിക സമർപ്പണത്തിന്റെ പാതയാണ് ഇസ്‌ലാം; ഏതെങ്കിലുമൊരു ദിക്കിലേക്കോ പ്രദേശത്തേക്കോ മാത്രമല്ല പ്രവാചകന്മാരുടെ നിയോഗമുണ്ടായത്. 'ഒരു മുന്നറിയിപ്പുകാരന്റെ നിയോഗമുണ്ടാകാത്ത ഒരൊറ്റ സമുദായവും കഴിഞ്ഞ് പോയിട്ടില്ല.' (35:24)യെന്ന ഖുർആനിന്റെ പ്രഖ്യാപനം ഒരു തറവാട്ടുകാർ മാത്രമാണ് ദൈവമക്കൾ എന്ന വാദത്തിന്റെയും ഒരു പ്രത്യേക ദേശത്താണ് സനാതനമൂല്യങ്ങൾ രുപമെടുത്തത് എന്ന സിദ്ധാന്തത്തിന്റെയും അടിവേരറുക്കുന്നു.

പ്രവാചകന്മാർ മുഴുവൻ പഠിപ്പിച്ച ആദർശം ഇസ്‌ലാമാണ്. ഏകദൈവത്തെ മാത്രം ആരാധിക്കുകയും അവന്റെ വിധിവിലക്കുകൾ പ്രകാരം ജീവിതം ചിട്ടപ്പെടുത്തുകയും ചെയ്യാനാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വന്ന ദൈവദൂതന്മാരെല്ലാം പഠിപ്പിച്ചത്. പ്രവാചകന്മാരല്ല, അവരുടെ പിൻഗാമികളാണ് മതങ്ങൾ സ്ഥാപിച്ചതും പ്രവാചകന്മാരെയും പുണ്യവാളന്മാരെയും ആരാധിക്കുന്ന സമ്പ്രദായങ്ങൾക്ക് തുടക്കം കുറിച്ചതുമെല്ലാം. പ്രവാചകന്മരൊന്നും അവരുടെ പേരിൽ പിന്നീട് സ്ഥാപിക്കപ്പെട്ട മതങ്ങളുടെ അനുയായികളായിരുന്നില്ലെന്ന് സാരം.

പ്രവാചകന്മാരെല്ലാം പഠിപ്പിച്ച മതത്തിലേക്കുള്ള ക്ഷണമാണ് ഇസ്‌ലാമിക പ്രബോധനം. പ്രവാചകന്മാരെല്ലാം പഠിപ്പിച്ചത് ഒരേ മതമായിരുന്നുവെന്ന വസ്തുത വ്യക്തമാക്കുന്നതിന് വേണ്ടിയാണ്  പ്രബോധകന്മാർ താരതമ്യ പഠനത്തെ ഉപയോഗപ്പെടുത്തുന്നത്. പ്രവാചകന്മാരുടെ പേരിൽ സ്ഥാപിക്കപ്പെട്ട മതങ്ങളുടെ അടിസ്ഥാനരാഹിത്യം വ്യക്തമാക്കിക്കൊടുക്കുന്നതിനും ദൈവദൂതന്മാർ പഠിപ്പിച്ച പാത മാത്രമേ മോക്ഷമാർഗമുള്ളൂവെന്ന് സമർത്ഥിക്കുന്നതിനും വേണ്ടിയാണ് മറ്റുമതഗ്രന്ഥങ്ങൾ ഉപയോഗിക്കപ്പെടേണ്ടത്. പ്രവാചകന്മാരുടെ പേരിൽ സംഘടിക്കുകയും അവരുടെ പാതയിലാണ് തങ്ങൾ എന്ന് അവകാശപ്പെടുകയും ചെയ്യുന്നവർക്ക് മുമ്പിൽ എന്താണ് പ്രവാചകന്മാർ പഠിപ്പിച്ച പാതയെന്ന് വ്യക്തമാക്കിക്കൊടുക്കുകയാണ് പ്രബോധകന്റെ കർത്തവ്യം. ഈ കർത്തവ്യ നിർവ്വഹണത്തിന്റ പാതയെ സ്നിഗ്ധമാക്കുന്ന ഒരു ഉപകരണം മാത്രമാണ് പ്രബോധകനെ സംബന്ധിച്ചിടത്തോളം മതതാരതമ്യ പഠനം. ലക്ഷ്യത്തെ കുറിച്ച കൃത്യമായ ബോധമില്ലാതെ മതതാരതമ്യപഠനത്തെ ഉപയോഗപ്പെടുത്തുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്ന വസ്തുതയുൾക്കൊള്ളുവാൻ പ്രബോധകർ സന്നദ്ധമാകണമെന്നുണർത്തുകയാണ്.